## അവതാരിക

കോട്ടമില്ലാത്ത കളരിച്ചിട്ടയാണ് കലാമണ്ഡലത്തിലെ ശിക്ഷണത്തിന്റെ സവിശേഷത. പുലർച്ചെ നാല രമണിക്ക് സാധകത്തോടെ, മഴക്കാലത്ത് ഉഴിച്ചിലോടെ, ആരംഭിക്കുന്ന പരിശീലനം മണിക്കൂറുകളോളം നീണ്ടുനില്ക്കും. എട്ടും പത്തും കൊല്ലം അങ്ങനെ അഭ്യസിച്ചാണ് അരങ്ങത്ത് വരാൻ ഒരുവൻ യോഗ്യനാകുന്നത്. ഇന്നത്തെ തലയെടുപ്പുള്ള മിക്ക കലാകാരന്മാരും ക്ലേശകരമായ ഈ പഠനപ്രക്രിയയിലൂടെ രൂപപ്പെട്ടവരാണ്. എന്നാൽ പ്രയോഗത്തിലെ ഈ നിഷ്ഠ സിദ്ധാന്തപഠനകാര്യത്തിൽ കലാമണ്ഡലത്തിൽ വേണ്ടത്ര ഉണ്ടായിട്ടില്ല. അതുകൊണ്ട് നല്ല കലാകാരന്മാർ ഉണ്ടായെങ്കിലും കലാപഠനങ്ങൾ വേണ്ടത്ര നമുക്കുണ്ടായില്ല. കലാമണ്ഡലം സർവകലാശാലയാകുകയും ബിരുദാനന്തര-ഗവേഷണ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തപ്പോഴാണ് ഈ രംഗത്തെ ദാരിദ്ര്യം ശരിക്കുമനുഭവപ്പെട്ടത്. കലാവൈജ്ഞാനികഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ കലാമണ്ഡലം പദ്ധതി തയ്യാറാക്കിയതിന്റെ പശ്ചാത്തലമിതാണ്. ഈ മേഖലയിൽ വളരെ പ്രധാനപ്പെട്ട ചിലത് ചെയ്യാൻ ഈ ചുരുങ്ങിയ കാലംകൊണ്ട് കലാമണ്ഡലത്തിന് കഴിഞ്ഞിട്ടുണ്ട്. മേളാചാര്യനായ കൃഷ്ണൻകുട്ടിപ്പൊതുവാളുടെ ലേഖനങ്ങളുടെ സമാഹാരം (മേളപ്പെരുക്കം) ആയിരുന്നു ആദ്യത്തെ സംഭാവന. തുടർന്ന് കലാവിമർശകനായിരുന്ന എൽ.എസ്. രാജഗോപാലിന്റെ 'ഈണവും താളവും', നാട്യശാസ്ത്രകുലപതിയായിരുന്ന ശ്രീ.കെ.പി. നാരായണപിഷാരടിയുടെ 'ആലോചനാമൃതം', കലാമണ്ഡലം രാജശേഖരന്റെ 'കഥകളിയിലെ സ്ത്രീകഥാപാത്രങ്ങൾ' എന്നിവ പുറത്തുവന്നു. ഈ ഇനത്തിൽപെട്ട ഗ്രന്ഥങ്ങൾ വേറെയും തയ്യാറായിക്കൊണ്ടിരിക്കുന്നു. കലാമണ്ഡലം വാസുപ്പിഷാരടിയുടെ 'നളചരിതം ചൊല്ലിയാട്ടം', നെല്ലിയോടിന്റെ 'കഥകളിയിലെ ഉദ്ധതപാത്രങ്ങൾ', പ്രൊഫ.കെ.എൻ. ഓമനയുടെ 'കൈക്കൊട്ടിക്കളി', കൂത്തിനുപയോഗിക്കുന്ന പ്രബന്ധങ്ങളുടെ സമാഹാരം എന്നിവ പ്രസിദ്ധീകരണത്തിന് പൂർത്തിയായ ഗ്രന്ഥങ്ങളാണ്.

ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് കലാകാരന്മാരുടെ ജീവചരിത്രം. മൺമറഞ്ഞ കലാകാരന്മാരെ വർത്തമാനകാലത്തിന് പരിചയപ്പെടുത്തുകയും അവരുടെ സംഭാവനയെ വിലയിരുത്തുകയും ചെയ്യുകയാണ് ഈ പരമ്പരയുടെ ലക്ഷ്യം. ഇതിൽ ആദ്യത്തേതാണ് പ്രൊഫ.കെ.പി. ബാബുദാസ് രചിച്ച 'ശൗര്യഗുണം'. കൃഷ്ണൻകുട്ടിപ്പൊതുവാളുടെ ജീവചരിത്രമാണ് ഈ പ്രൗഢഗ്രന്ഥം. മേളാചാര്യനെ അടുത്തറിഞ്ഞ പണ്ഡിതസഹൃദയനാണ് ഗ്രന്ഥകാരൻ. ഈ പരമ്പരയിൽ രണ്ടാമത്തേതാണ് ഇപ്പോൾ പ്രകാശനം ചെയ്യുന്ന 'മനയോലപ്പാടുകൾ' എന്ന വാഴേങ്കട കുഞ്ചുനായരുടെ ജീവചരിത്രം; രചിച്ചതാകട്ടെ കഥാപുരുഷന്റെ പുത്രൻ ശ്രീവത്സലനും.

** **

മൂന്നു ഭാഗങ്ങളാണ് ഈ ഗ്രന്ഥത്തിനുള്ളത്. അരങ്ങെന്ന ആദ്യഭാഗമാണ് ജീവചരിത്രം; രണ്ടാമത്തെ ഭാഗം ശ്രീ. വാഴേങ്കടയുടെ ചില രചനകളാണ്; അദ്ദേഹത്തെപ്പറ്റിയുള്ള ചില പ്രൗഢസ്മൃതികളാണ് അവസാനഭാഗത്ത്.

പ്രപഞ്ചമെന്ന മഹാനാടകത്തിന്റെ സ്മൃതിയുണർത്തുന്ന നാരായണീയത്തിലെ മേല്പുത്തൂരിന്റെ ഉദാത്തകല്പനയോടെയാണ് തുടക്കം. രാത്രിയാകുന്ന യവനിക, ഭാനുവെന്ന ജ്വലിക്കുന്ന ദീപം, ലോകം മുഴുവൻ കാണികൾ. നാടകീയമാണ് പ്രാരംഭം. പള്ളിക്കൂടത്തിൽ നിന്നും മടങ്ങിയെത്താൻ വൈകുന്ന മകനെ തേടുന്ന അമ്മ- 'കുഞ്ചുവിനെ കണ്ടോ?' ചരിത്രം അവസാനിക്കുന്നതും ഈ ചോദ്യത്തോടെ തന്നെ. ഇതിനിടയിൽ അനേകം സംഭവങ്ങൾ-ദാരിദ്ര്യത്തിന്റെ, ക്ലേശത്തിന്റെ, വാത്സല്യത്തിന്റെ, അഭിമാനത്തിന്റെ കഥ പറയുന്നവ.

ആദ്യഭാഗത്തെ പ്രചോദനത്തിന്റെ ഉറവിടം അമ്മയാണ്. മാതൃത്വം ചുരത്തുന്ന സ്മരണകൾ-ദാരിദ്ര്യത്തോട് മല്ലിട്ട് മകനെ വളർത്താൻ ആ സാധ്വി നടത്തുന്ന ശ്രമങ്ങൾ, ഒടുവിൽ എല്ലാം തികഞ്ഞ് മകനെ അരങ്ങിൽ കാണുമ്പോഴത്തെ സായൂജ്യം, അത് കാണാൻ വേണ്ടിയുള്ള ദീർഘയാത്ര വരുത്തിയ കായക്ലേശവും തുടർന്നുള്ള മരണവും. കണ്ണുകൾ ഈറനണിയാതെ ഈ ഭാഗം വായിച്ചുതീർക്കാനാവില്ല.

ശങ്കരാചാര്യരുടെ മാതൃസ്തവം ഉരുവിട്ടുകൊണ്ടാണ് ഈ ഭാഗത്തിന് സാന്ദ്രതയേകുന്നത്. ലോകത്തെക്കാലത്തുമുണ്ടായിട്ടുള്ളതിൽ വെച്ച് ശ്രേഷ്ഠമായ കണ്ണീർമുത്താണ് 'ആസ്താം താവദിയം'. മൂലം ഗ്രന്ഥത്തിലുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ മനോഹരമായതിനെ മൊഴിമാറ്റം ചെയ്തിട്ടുണ്ട്.

നില്ക്കട്ടേ പേറ്റുനോവിൻകഥ, രുചികുറയും
  കാലമേറും ചടപ്പും
പൊയ്ക്കോട്ടെ, കൂട്ടിടേണ്ടാ മലമതിലൊരുകൊ-
  ല്ലാം കിടക്കും കിടപ്പും

നോക്കുമ്പോൾ ഗർഭമാകും വലിയ ചുമടെടു-
ക്കുന്നതിൻ കൂലിപോലും
തീർക്കാവല്ലെത്രയോഗ്യൻ മകനുമതുനില-
യ്ക്കുള്ളൊരമ്മേ തൊഴുന്നേൻ!

രാഗാർദ്രമായൊരുടെ നാടൻപ്രേമത്തിന്റെ ഹൃദ്യമായ വിവരണമാണ് തുടർന്നുള്ളത്. വാഴേങ്കട കളിയരങ്ങിൽ രുക്മിണീസ്വയംവരത്തിലെ കൃഷ്ണൻ, അതുകണ്ട് കൃഷ്ണനെ മോഹിച്ച ഒരു ഗ്രാമീണകന്യക. രുക്മിണിക്ക് കൃഷ്ണൻ വിവാഹസന്ദേശമയക്കുന്ന രംഗം കണ്ട് കോരിത്തരിച്ച പെൺകൊടി. മനസ്സിലവൾ കൊത്തിയിട്ടു- 'എന്റെ കൃഷ്ണൻ കുഞ്ചുതന്നെ'. അക്കൊല്ലമുത്സവത്തിന് വേഷം കുഞ്ചുനായരുടെ അർജുനൻ-സുഭദ്രാഹരണത്തിലെ അർജുനൻ! സുഭദ്ര കാത്തിരുന്നു. അരങ്ങല്ലല്ലോ, ജീവിതം. വാഴേങ്കടയിലെ അർജുനന് അതൊന്നുമാലോചിക്കാൻ സമയമില്ലായിരുന്നു. അത്രയ്ക്ക് കനമുണ്ടായിരുന്നു പേറുന്ന ക്ലേശങ്ങൾക്ക്. ഒടുവിൽ സാഫല്യമണഞ്ഞ ശാലീനസുന്ദരമായ ആ മുഗ്ധപ്രണയം ഉന്മീലനം ചെയ്തതിലെ കയ്യടക്കം ഏറെ അഭിനന്ദനമർഹിക്കുന്നു. അതിലേറെ കരുണാർദ്രമാണ് അതിന്റെ അന്ത്യം. വിവാഹത്തിന് മുൻപ് വാഴേങ്കട ക്ഷേത്രത്തിലെ പ്രദക്ഷിണപഥത്തിൽവെച്ച് ആരുമറിയാതെ അവളുടെ കൈപിടിച്ച് വാഗ്ദാനം ചെയ്താണ് ഒരു വെള്ളിപാദസരം. കല്യാണത്തിന് അത് വാങ്ങാൻ കഴിഞ്ഞില്ല. പതിമൂന്ന് കൊല്ലമൊന്നിച്ച് കഴിഞ്ഞിട്ടും അതിനായില്ല. തൂതപ്പുഴയുടെ തീരത്ത് നിന്ന് ഈറനണിഞ്ഞ കണ്ണുകളോടെ തന്നെ യാത്രയാക്കുമ്പോൾ ഉറപ്പിച്ചുപറഞ്ഞു- 'ബോംബെയിൽ നിന്ന് വരുമ്പോൾ പാദസരം കൊണ്ടുവരാം'. പാദസരത്തിന്റെ കിലുക്കം കേൾപ്പിക്കാൻ അവൾ കാത്തുനിന്നില്ല.

ഒരു കഥകളി നടന്റെ ജീവചരിത്രത്തിൽ ഉണ്ടാകാവുന്ന, സാധാരണക്കാർക്ക് താത്പര്യമില്ലാത്ത വിവരണങ്ങൾ അല്ല. ആരെയും ആകർഷിക്കുന്ന ലോലാർദ്രമായ സ്പന്ദങ്ങളാണ് ഈ കൃതിയിലുള്ളത് എന്ന് സൂചിപ്പിക്കാനാണ് ഇക്കാര്യങ്ങളിവിടെ എടുത്ത് പറഞ്ഞത്. ഈ ഭാഗമിവിടെ വിസ്തരിക്കുന്നില്ല.

** **

കഥകളിയുടെ ലാവണ്യധാരണയെപ്പറ്റി ധാരാളം ചർച്ചകൾ ഇപ്പോൾ നടക്കുന്നുണ്ട്. ലവണമെന്നാൽ സംസ്കൃതത്തിൽ ഉപ്പാണ്. അതിന്റെ ഭാവമാണ് ലാവണ്യം. ഉപ്പിന്റെ പ്രത്യേകതയിതാണ്-രുചി നല്കുന്നത് ഉപ്പാണ്. പക്ഷേ കറിയിൽ നോക്കിയാൽ കഷണമേ കാണൂ, ഉപ്പിനെ കാണില്ല. നിലീനമായ അദൃശ്യസാന്നിധ്യമാണത്. മറ്റൊരു പ്രത്യേകത കൂടി ഉണ്ട്-ഉപ്പ് തനിയെ തിന്നാൻ കഴിയില്ല. വെള്ളം കുടിക്കുമെന്നുമാത്രമല്ല, വല്ലാത്ത ദുഃസ്വാദനുഭവപ്പെടുകയും ചെയ്യും. കലയിലെ ലാവണ്യം കറിയിലെ ഉപ്പ് പോലെയാണ്-നിലീനമായ സാന്നിധ്യം.

കുറച്ച്കൂടി പരിമിതമായ അർഥത്തിലാണ് സൗന്ദര്യമെന്ന പദമുപയോഗിക്കുന്നത്. വസ്തുവിന്റെ ആകർഷകത്വമാണതിന്റെ ഒരു നിദാനം. അവയവത്തിന്റെ ഭംഗിയല്ല, അതിനപ്പുറം അവയുടെ ചേർച്ചയിലുള്ള ഇണക്കമാണ് പ്രധാനം എന്നാണ് ലാവണ്യവാദികൾ പറയുക. ഈ അംഗാഗിപ്പൊരുത്തമാണ് കഥകളി ഉൾപ്പെടെ ഏതു കലാരൂപത്തെയും ഹൃദ്യമാക്കുന്നത്. അരങ്ങിൽ നിന്ന് ആസ്വാദകനിലേയ്ക്കൊഴുകുന്ന അദൃശ്യമായൊരന്തർധാരയാണത്. ഈ ലാവണ്യദർശനം ശരിക്കുമുൾക്കൊണ്ടൊരു കലാകാരനായിരുന്നു വാഴേങ്കട കുഞ്ചുനായർ. 'സർവാംഗീണമായ അഭിനയം' എന്നതാണ് അദ്ദേഹത്തിന്റെ ലാവണ്യസങ്കല്പം. അതാകട്ടെ, കയ്യിന്റെ വടിയും മെയ്യിന്റെ കോട്ടമില്ലായ്മയും പ്രവൃത്തിയുടെ വെടിപ്പും താളത്തിന്റെ ഉറപ്പും കാലപ്രമാണവും ഒക്കെ മുഖത്തുവരുത്തുന്ന സ്തോഭത്തോടൊപ്പം പ്രധാനമാകുന്ന അഭിനയകർമ്മവുമാണ്.

മറ്റു പല നടന്മാരിൽ നിന്നും വ്യത്യസ്തമായി കഥകളിയെപ്പറ്റി ധാരാളം ചിന്തിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള കലാകാരനാണ് കുഞ്ചുനായർ. ഈ ഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തിലെ ലേഖനങ്ങളിലും കലാപ്രസാദത്തിലും കളിവെട്ടത്തിലുമുള്ള ലേഖനങ്ങളിലും ഈ ചിന്ത തെളിഞ്ഞുകാണാം. അനുഭവങ്ങളിൽ നിന്ന് രൂപം കൊണ്ടതാണ് അദ്ദേഹത്തിന്റെ വീക്ഷണം. ഓരോ അവതരണവും പ്രേക്ഷകരിലുണ്ടാക്കുന്ന അനുഭവം അവരുടെ പ്രതികരണങ്ങളിൽ നിന്ന് അറിഞ്ഞ്, ആ അനുഭവങ്ങൾ അറിവുള്ളവരുമായി പങ്കിട്ടാണ് സൗന്ദര്യത്തിന്റെ സൂക്ഷ്മാംശങ്ങൾ അദ്ദേഹം ഗ്രഹിച്ചത്. പരീക്ഷിത്ത് തമ്പുരാൻ, കെ.പി.എസ്.മേനോൻ, എൻ.വി. കൃഷ്ണവാരിയർ, പൈങ്കുളം രാമച്ചാക്യാർ തുടങ്ങിയ അക്കാലത്തെ മിക്ക പണ്ഡിതന്മാരുമായി അനവരതമദ്ദേഹം ഇടപെട്ടുകൊണ്ടിരുന്നു. ഇത്തരം സംവാദങ്ങളിലൂടെ തന്റെ അഭിനയത്തെ അദ്ദേഹം പരിഷ്കരിച്ചിരുന്നു. അതേസമയം തന്നെ കലാപരമായ തന്റെ കാഴ്ചപ്പാടിൽ വിട്ടുവീഴ്ചയില്ലാതെ അദ്ദേഹം ഉറച്ച് നില്ക്കുകയും ചെയ്തു. കിർമ്മീരവധത്തിലെ ധർമ്മപുത്രരെ കണ്ടു

കൊണ്ടിരിക്കാൻ വിഷമമാണെന്നഭിപ്രായപ്പെട്ട ജി. ശങ്കരക്കുറിപ്പിനോട് കുഞ്ചുനായർക്ക് ഒറ്റ മറുപടിയേ ഉള്ളൂ- 'ശങ്കരക്കുറിപ്പിന് കളി കാണാറായിട്ടില്ല'. ഇതുപോലെ മുഖത്തടിച്ചഭിപ്രായം മുണ്ടശ്ശേരിയോടും പറഞ്ഞിട്ടുണ്ട്. നളചരിതം നാടകമാക്കണമെന്ന മുണ്ടശ്ശേരിയുടെ ആശയത്തെപ്പറ്റി കുഞ്ചുനായർ അദ്ദേഹത്തിനെഴുതിയതിങ്ങനെയാണ്- 'മുണ്ടശ്ശേരി നല്ല നിരൂപകനാണ്. അങ്ങ് അതിന് സമയം വിനിയോഗിക്കുകയാണെങ്കിൽ അത് കൈരളിക്ക് നേട്ടമാകും. കഥകളിയെക്കുറിച്ച് നിങ്ങൾക്ക് ഒരു ചുക്കും അറിഞ്ഞുകൂടാ. ഞാനറിഞ്ഞേടത്തോളം, എന്തെങ്കിലും മനസ്സിലാക്കാൻ നിങ്ങൾക്ക് താത്പര്യവുമില്ല. നമ്മൾ തമ്മിൽ ചേരില്ല'. ഔദ്ധത്യമല്ല, സ്വപ്രത്യയസ്ഥൈര്യമാണ് ഇങ്ങനെ പ്രതികരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. തനിക്കേറ്റവും ആദരവുള്ള കലാമണ്ഡലം കൃഷ്ണൻ നായരുടെ അഭിനയത്തെപ്പോലും അദ്ദേഹം ചിലപ്പോൾ വിമർശിച്ചിട്ടുണ്ട്. കൃഷ്ണൻ നായരുടെ പ്രതിഭയില്ലാത്തവൻ അദ്ദേഹത്തെ അനുകരിച്ച് കഥകളിയെ കുഴപ്പത്തിലാക്കരുതേന്നേ കുഞ്ചുനായർക്കാഗ്രഹമുള്ളൂ.

അഭിനയത്തിന്റെ ഉരക്കല്ല് കുഞ്ചുനായരാശാനെ സംബന്ധിച്ചിടത്തോളം ഔചിത്യമാണ്-

> അഭ്യാസം കൊണ്ടു മാത്രം വേണ്ടത്ര കലാബോധം സിദ്ധിപ്പാൻ സാധിച്ചുവെന്നു വരില്ല. മാനസികമായി നേടുന്ന ജ്ഞാനം വളരെ പ്രധാനമാണ്. അതിൽ നിന്നാണ് കലയുടെ വളർച്ച. അതുകൊണ്ടുതന്നെ അവരവരുടെ സ്വയം പ്രയത്നം അത്യാവശ്യമായിത്തീരുന്നു. കഥകളിയിലെ അഭിനയത്തിൽ പല അനൗചിത്യങ്ങളും വന്നു ചേരാറുണ്ട്. ധാരാളം ഉദാഹരണസഹിതം അതു പരിശോധിക്കാവുന്നതുമാണ്. അതിനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടത്, വാചികാഭിനയമില്ലായ്മ, പാത്രബോധമില്ലായ്മ അല്ലെങ്കിൽ കഥാപാത്രത്തെക്കുറിച്ചുള്ള അജ്ഞത, മനോധർമ്മത്തിൽപ്പെടുന്ന തെറ്റുകൾ, അന്ധമായ അനുകരണീയമല്ലാത്ത വിധത്തിലുള്ള 'അനുകരണഭ്രമം' എന്നിവയാണെന്നു നിസ്സംശയം പറയാം. ഒരു കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം സ്വയം നടത്തുക. കവി പറഞ്ഞു കഴിഞ്ഞിട്ടില്ലാത്തതും അതേസമയം സന്ദർഭത്തിനും കഥാപ്രകൃതിക്കും ഒത്തിണങ്ങിയതുമായ പ്രയോഗമാണ് മനോധർമ്മമെന്നു മനസ്സിലാക്കുക. ആവശ്യമില്ലാത്തതും സന്ദർഭത്തിനു യോജിക്കാത്തതുമായ കാര്യങ്ങളാടി രംഗം ദീർഘിപ്പിക്കരുത്. ഔചിത്യപൂർവമായ സംഗതികൾ മാത്രം അനുകരിക്കുക. ഇത്രയും കാര്യങ്ങൾ ദൃഢനിശ്ചയത്തോടെ ഉൾക്കൊണ്ട് ഈ കലയെ സമീപിക്കുക. അത് കലയ്ക്കും കലാകാരനും ആസ്വാദകനും ഒരുപോലെ ഗുണകരമാകും.

ഔചിത്യഭാസുരമാകുമ്പോൾ അഭിനയത്തിന് ഒതുക്കം വരും. അനാവശ്യമായ ആർഭാടങ്ങളും ആടോപങ്ങളും ഒഴിവാകും. മനോധർമ്മത്തിനും നിയന്ത്രണം വരും. പാത്രത്തിനും പ്രകരണത്തിനും അനുസരിച്ച് മാത്രമേ മനോധർമ്മാഭിനയമുണ്ടാവൂ.

അഭിനയത്തിലെ ധ്വനിപർവമിവിടെയാണ്. വെള്ളിനേഴി നാണുനായരുടെ അഭിനയത്തെപ്പറ്റി പറയുമ്പോൾ ഇക്കാര്യം ഉറപ്പിച്ച് വ്യക്തമാക്കുന്നുണ്ട് അദ്ദേഹം-

> 'അരങ്ങത്ത് ചാടി വീണാൽ വാരിയും വലിച്ചും അന്തമില്ലാതെ ഓരോന്ന് കാട്ടിക്കൊണ്ട് വേഷം നീട്ടിക്കൊണ്ടുപോയാൽ വലിയ കേമനാവുമെന്നൊരു ധാരണ പരിണതപ്രജ്ഞരായ നടന്മാർക്കുകൂടി ഉണ്ട്. ഇത്രത്തോളം അബദ്ധമായ ഒരു വിചാരം വേറെ ഇല്ല എന്ന് ഉറപ്പിച്ച് പറയേണ്ടിയിരിക്കുന്നു. ചെറിയ ചില സൂചകങ്ങൾ കൊണ്ട്, ഗമകങ്ങൾകൊണ്ട് വലിയ ഫലം ഉളവാക്കുന്നതിലാണ് അഭിനയത്തിന്റെ മേന്മ'.

ധ്വനിസാന്ദ്രവും ഔചിത്യപൂർണ്ണവും ആയ അഭിനയത്തിന്റെ വക്താവും പ്രയോക്താവുമായിരുന്നു ശ്രീ. വാഴേങ്കട കുഞ്ചുനായർ. കഥകളിപ്പാൽ കടഞ്ഞു അമൃതെടുത്ത് കൊടുത്താണദ്ദേഹം അരങ്ങിൽ തന്റെ സ്ഥാനമുറപ്പിച്ചത്.

ചിന്താബന്ധുരങ്ങളായ പഠനങ്ങൾക്കൊപ്പം ശാകുന്തളം എന്ന ആട്ടക്കഥയും പിതൃവിലാപം പോലുള്ള കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്. ചോറൂണിന് മുൻപ് ഓമനമകൾ മരിച്ചതിൽ മനംനൊന്തെഴുതിയതാണ് പിതൃവിലാപം. കാളിദാസശാകുന്തളത്തിന്റെ ഉത്തരാർധകഥാഭാഗമാണ് ആട്ടക്കഥയ്ക്കാധാരം. ഗാന്ധർവപരിണയം കഴിഞ്ഞ് നഗരത്തിലേയ്ക്ക് പോയ ദുഷ്യന്തനിൽ നിന്ന് വിവരമൊന്നും കിട്ടാത്തതിൽ ആകുലയായ ശകുന്തളയുടെ അവതരണത്തോടെയാണ് ആട്ടക്കഥ തുടങ്ങുന്നത്.

തത്ക്കാലേ സോമതീർഥാൽ മുദിതമതി തിരി-
ച്ചെത്തി തൻ പുത്രിയാൾ ത-
ന്നുദ്വാഹോദന്തമെല്ലാം വിശദതരമറി-
ഞ്ഞാശ്വസിച്ചങ്ങിരിക്കേ

ബദ്ധസ്സംത്രാസലജ്ജാഭര പരവശയായ്
മന്ദമഭ്യേത്യ പാദേ
നത്വാ കൈകൂപ്പിനില്ക്കുന്നരുമസുതയൊടായ്
കണ്വനീവണ്ണമൂചേ.

നാടകാനുസാരിയാണ് തുടർന്നുള്ള കഥ. പദങ്ങളും ഇടശ്ലോകങ്ങളും അഭിനയശ്ലോകങ്ങളുമൊക്കെ ചിട്ടയൊപ്പിച്ച് വന്നിട്ടുണ്ട്. മുദ്രാമോതിരം കാണാതെ വിഷമിക്കുന്ന ശകുന്തളയുടെ അഭിനയ ശ്ലോകമിതാണ്-

ഏവം പറഞ്ഞവളുടൻ നിജപാണിപത്മേ
നോക്കുമ്പോഴാ വിരലിലില്ല നൃപാംഗുലീയം!
ഹാ ഹന്ത! ചെയ്‌വതിനിയെന്തിതി തന്വി കേഴും
നേരത്തു ഗൗതമിയുരച്ചിതു സാധുശീലാ
ശക്രാവതാരദേശത്തിലെത്തി നാം
പുത്രീ ശചീതീർത്ഥവന്ദനം ചെയ്കവേ
എങ്ങനെയോ താവകാംഗുലിയിൽ
നിന്നൂരിപ്പോയതാകുമംഗുലീയം.

ശാകുന്തളം ആട്ടക്കഥയുടെ വന്ദനശ്ലോകം വാഴേങ്കടത്തേവരെക്കുറിച്ചാണ്. 1953-ൽ ആണ് ഇതെഴുതിയത്. കോട്ടയ്ക്കൽ നാട്യസംഘത്തിൽ വെച്ച് ശാകുന്തളം ആദ്യഭാഗം ചൊല്ലിയാടിച്ച് അഭിനയിച്ചിരുന്നു. ഉത്തരഭാഗം എഴുതാൻ പ്രേരിപ്പിച്ചത് അതാണോ എന്നറിയില്ല. എന്നാൽ ഇതൊരിക്കലും ചൊല്ലിയാടിച്ചഭിനയിച്ചതായി കേട്ടിട്ടില്ല. പിൽക്കാലത്ത് കലാമണ്ഡലത്തിൽ വെച്ച് കലാമണ്ഡലം കേശവന്റെ ശാകുന്തളം ചൊല്ലിയാടിച്ച് അരങ്ങേറ്റം നടത്തിയിരുന്നു. തന്റെ ആട്ടക്കഥയിൽ തൃപ്തി തോന്നാത്തതുകൊണ്ടാണോ അവതരിപ്പിക്കാതിരുന്നതെന്ന് അറിഞ്ഞുകൂടാ.

** **

കഥകളിനടനും കലാചിന്തകനുമെന്നപോലെ മഹാനായ ആചാര്യനുമായിരുന്നു വാഴേങ്കട കുഞ്ചുനായർ. കോട്ടയ്ക്കൽ നാട്യസംഘത്തിലും തുടർന്ന് കലാമണ്ഡലത്തിലും ഏറെക്കാലം അദ്ദേഹം മുഖ്യാചാര്യനായിരുന്നു. കേരളത്തിലെ രണ്ട് മുഖ്യ കഥകളി സ്ഥാപനങ്ങളിൽ ആചാര്യനായിരുന്ന് കളരികൾ ചിട്ടപ്പെടുത്തുക വഴി കേരളത്തിലെ കഥകളിശിക്ഷണത്തിനുള്ള മാർഗം രൂപപ്പെടുത്തുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കളരിപഠനത്തെ സംബന്ധിച്ച് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന കുറിപ്പുകളും വിവിധാവതരണങ്ങളുടെ സമയം ക്ലിപ്തപ്പെടുത്തിയ പട്ടികയും എത്ര ഗൗരവത്തോടെയാണ് അഭ്യാസത്തെ അദ്ദേഹം കണ്ടിരുന്നത് എന്നതിന് തെളിവാണ്. അഭ്യാസകാലത്തെ ചിട്ടകളെപ്പറ്റിയുള്ള വിവരണം വിലപ്പെട്ടൊരു രേഖയാണ് ഇന്ന് നമുക്ക്. കളരിക്കുറിപ്പുകൾ സ്വന്തം ഡയറിക്കുറിപ്പുകളുമാണ്; പൊതു കാര്യങ്ങളും അതിൽ പരാമർശിക്കുന്നുണ്ട്. 1131-കർക്കിടകം 14- ബകവധം ഘടോൽക്കചൻ-ശിവരാമനെക്കുറിച്ച് അത്യാഹിതമായ ഒരു കത്ത് കിട്ടി. മദിരാശിക്കടുത്ത് ആർക്കോണം എന്ന സ്ഥലത്തുവെച്ച് വണ്ടിക്ക് തലവെച്ച് ആത്മഹത്യ ചെയ്തു എന്ന വിവരം. 1134-കർക്കിടകം 15- കുവലയവിലോചനേ ദയിതേ നീ കേൾ (കേന്ദ്രം ഇന്നു കമ്മ്യുണിസ്റ്റ് മന്ത്രിസഭയെ പിരിച്ചുവിട്ടുവത്രേ!).

കളരിപഠനത്തെ ഗൗരവമായി കാണുകയും നിഷ്കർഷയോടെ നടപ്പാക്കുകയും ചെയ്ത ആചാര്യനായിരുന്നു അദ്ദേഹം. അദ്ദേഹം ചൊല്ലിയാടിച്ചവർ ഇന്ന് പ്രശസ്ത നടന്മാരാണ്. അവരിൽ പ്രഥമഗണനീയനാണ് കഥകളിയിലെ സ്ത്രൈണസൗന്ദര്യത്തിന്റെ സാരസർവസ്വമായ കോട്ടയ്ക്കൽ ശിവരാമൻ. കോട്ടയ്ക്കൽ കൃഷ്ണൻകുട്ടി നായർ, ഗോപി നായർ, അപ്പുനായർ, നാരായണൻ നായർ തുടങ്ങിയവരായിരുന്നു ആദ്യകാലശിഷ്യന്മാർ. പിന്നീടാണ് നെല്ലിയോട് വാസുദേവൻ നമ്പൂതിരി, സ്വപുത്രൻ കൂടിയായ വാഴേങ്കട വിജയൻ, വാസുപ്പിഷാരോടി, ശംഭു എമ്പ്രാന്തിരി, കോട്ടയ്ക്കൽ ചന്ദ്രശേഖരൻ തുടങ്ങിയവർ നാട്യസംഘത്തിൽ ചേർന്നത്. കലാമണ്ഡലത്തിൽ വന്നതിനുശേഷം ഗോപിയാശാനുൾപ്പെടെ ഒട്ടേറെ വിശിഷ്ടശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. പ്രശസ്തമായ ഈ ശിഷ്യപരമ്പരയാണ് വാഴേങ്കട എന്ന ആചാര്യന്റെ ശാശ്വത സ്മാരകം.

** **

1960 ജൂലൈ 11-ന്, 51-ാം വയസ്സിൽ, കുഞ്ചുനായരാശാൻ കലാമണ്ഡലത്തിലെ ആദ്യത്തെ പ്രിൻസിപ്പലായി ചാർജെടുത്തു. കോട്ടയ്ക്കൽ നാട്യസംഘത്തിൽ നിന്ന് അദ്ദേഹത്തെ വിടുവാൻ ആര്യവൈദ്യശാലയ്ക്ക് കഴിയുമായിരുന്നില്ല. എങ്കിലും ഒ.എം.സി.നമ്പൂതിരിപ്പാടിന്റെ സ്നേഹപൂർണ്ണമായ നിർബ

ന്ധത്തിന് വഴങ്ങിയാണ് ആര്യവൈദ്യൻ പി.കെ. വാരിയർ മഹാമനസ്കതയോടെ അദ്ദേഹത്തിന് വിടുതൽ നല്കിയത്. ഇതിനുമുമ്പ് ആദ്യകാലത്ത് കുറച്ചുകാലം അദ്ധ്യാപകനായി അദ്ദേഹം കലാമണ്ഡലത്തെ സേവിച്ചിരുന്നു. 1972 മാർച്ചിൽ പ്രിൻസിപ്പൽ സ്ഥാനത്ത് നിന്ന് അദ്ദേഹം വിരമിച്ചു. തന്റെ പരമാചാര്യനായ പട്ടിക്കാംതൊടിയുടെ കാൽനഖേന്ദുമരീചികൾ പിന്തുടർന്ന് കലാമണ്ഡലത്തിന്റെ കളരിച്ചിട്ട രൂപപ്പെടുത്തിയത് ആശാനാണ്. ആശാന്റെ ജന്മശതവർഷം കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ ഈ ജീവചരിത്രം വിനീതമായ കാണിക്കയായി സമർപ്പിക്കാൻ സാധിച്ചത് ഒരു ഭാഗ്യമായി കലാമണ്ഡലം കരുതുന്നു.

പിതൃക്കൾ മക്കളിലൂടെ അമരന്മാരാകുന്നു എന്നാണ് ഉപനിഷത്ത് ഉപദേശിക്കുന്നത്. തന്നിലൂടെയെന്നപോലെ തന്റെ രചനയിലൂടെയും പിതാവിനെ അനശ്വരനാക്കുക വഴി ജീവിതത്തിലെ മുഖ്യമായ ഒരു ഋണം വീട്ടിയെന്ന് ശ്രീവത്സന് ചരിതാർഥനാകാം.

വാഴേങ്കട കുഞ്ചുനായരാശാന്റെ ശിഷ്യന്മാർക്കും ആരാധകർക്കും കഥകളി ആസ്വാദകർക്കും മുൻപിൽ വിനയത്തോടെ ഈ സ്മരണോപഹാരം സമർപ്പിക്കുന്നു.

**ഡോ. കെ.ജി.പൗലോസ്**
വൈസ് ചാൻസലർ

കലാമണ്ഡലം
05-09-2009